# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – കൊച്ചി നഗരസഭ – ജനറം/കെ.എസ്.യു.ഡി.പി. പദ്ധതിയുടെ ഭാഗമായി സഹോദരൻ അയ്യപ്പൻ റോഡ് (എസ്.എ.റോഡ്) വികസനത്തിനും, ബസ്ബേയ്ക്കും വേണ്ടി – വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 7.88 ആർ ഭൂമി അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 3235/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഡിസംബർ 05, 2009.

---

പരാമർശം: 1. കൊച്ചി നഗരസഭാ കൗൺസിലിന്റെ 11-06-2009-ലെ 87-ാം നമ്പർ തീരുമാനം.

2. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 23-06-2009-ലെ JnNURM/MOJ-2/LAVY/854/96-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊച്ചി നഗരസഭയിൽ ജനറം/കെ.എസ്.യു.ഡി.പി. പദ്ധതികളുടെ ഭാഗമായി സഹോദരൻ അയ്യപ്പൻ റോഡ് (എസ്.എ.റോഡ്) വികസനത്തിനും, ബസ്ബേയ്ക്കും വേണ്ടി പൂണിത്തുറ ഇളംകുളം വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 7.88 ആർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി പൊന്നും വിലയ്ക്ക് എടുക്കുന്നതിന് 11-06-2009-ലെ കൊച്ചി നഗരസഭാ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും, പരാമർശം (2) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിയ്ക്കുകയും ചെയ്തു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ ജനറം/കെ.എസ്.യു.ഡി.പി. പദ്ധതികളുടെ ഭാഗമായി സഹോദരൻ അയ്യപ്പൻ റോഡ് (എസ്.എ.റോഡ്) വികസനത്തിനും, ബസ്ബേയ്ക്കും വേണ്ടി പൂണിത്തുറ ഇളംകുളം വില്ലേജുകളിൽപ്പെട്ട താഴെ വിവരിക്കുന്ന വിവിധ സർവ്വേ നമ്പരുകളിൽ ഉള്ള 7.88 ആർ സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് കൊച്ചി കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(മറുപുറം)

| ക്രമ നം. | താലൂക്ക് | വില്ലേജ് | സർവ്വേ നമ്പർ | ഭൂമിയുടെ തരം | ഏകദേശ വിസ്തീർണ്ണം | ഭൂമിയുടെ സ്വഭാവം |
|---|---|---|---|---|---|---|
| 1. | കണയന്നൂർ | പൂണിത്തുറ | 816/4 | പുരയിടം | 05.67 | സ്വകാര്യ ഭൂമി |
| 2. | കണയന്നൂർ | പൂണിത്തുറ | 820/1 (Pt) | പുരയിടം | 00.90 | സ്വകാര്യ ഭൂമി |
| 3. | കണയന്നൂർ | പൂണിത്തുറ | 825/1 (Pt) | പുരയിടം | 00.73 | സ്വകാര്യ ഭൂമി |
| 4. | കണയന്നൂർ | ഇളംകുളം | 539/1-20 (Pt) | പുരയിടം | 00.58 | സ്വകാര്യ ഭൂമി |
| | | | | ആകെ | 07.88 | |

i. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

ii. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാര ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ലതാ പണിക്കർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കൊച്ചി നഗരസഭ, എറണാകുളം.

ജില്ലാ കളക്ടർ, എറണാകുളം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.